## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3583 — 19.02.2013-ലെ മറുപടിക്ക്.

### മുൻസിഫ്, മജിസ്ട്രേറ്റുമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മജിസ്ട്രേറ്റ് കോടതികളിൽ മുൻസിഫ്, മജിസ്ട്രേറ്റുമാരുടെ എത്ര ഒഴിവുകളുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | : (എ) 22 ഒഴിവുകളുണ്ട്. |
| (ബി) സംസ്ഥാനത്ത് മുൻസിഫ് / മജിസ്ട്രേറ്റുമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത് ; | : (ബി) 210 തസ്തികകൾ നിലവിലുണ്ട്. |
| (സി) നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | : (സി) നിലവിൽ 02.05.2012 മുതൽ 9 പേർ മുൻസിഫ് മജിസ്ട്രേറ്റ് നിയമനത്തിന് മുന്നോടിയായിട്ടുള്ള ഒരു വർഷം നീളുന്ന ട്രെയിനിംഗിലാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുമ്പോൾതന്നെ അവരെ മുൻസിഫ് മജിസ്ട്രേറ്റായി നിയമിക്കുന്നതാണ്. 3 എൻ.സി.എ. ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ പൊതുവിഭാഗത്തിൽ നിന്നും തസ്തികമാറ്റത്തിൽ നിന്നും കൂടി 55 പേർക്കുകൂടി നിയമന ഉത്തരവ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇവർ പ്രീഇൻഡക്ഷൻ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് മുൻസിഫ് മജിസ്ട്രേറ്റായി നിയമിക്കുന്നതാണ്. |

(മറുപുറം)

| | |
|---|---|
| (ഡി) തസ്തിക മാറ്റം വഴി എത്ര പേർക്ക് മുൻസിഫ് മജിസ്ട്രേറ്റായി നിയമനം നൽകിയിട്ടുണ്ട്; ഇതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | : (ഡി) കേരള ജുഡീഷ്യൽ സർവ്വീസ് റൂൾ 5(3) പ്രകാരമാണ് തസ്തിക മാറ്റം വഴി മുൻസിഫ് മജിസ്ട്രേറ്റായി നിയമനം നൽകുന്നത്. ട്രെയിനിംഗിൽ ഉൾപ്പെട്ടിട്ടുള്ള 9 പേരിൽ ഒരാൾക്കും 55 പേരുടെ നിയമനത്തിനായി ഹൈക്കോടതി തയ്യാറാക്കിയ പട്ടികയിൽ 11 പേർക്കും തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതാണ്. |
| (ഇ) മുൻസിഫ്/മജിസ്ട്രേറ്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഇതിൽ നിന്നും സംവരണാടിസ്ഥാനത്തിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ? | : (ഇ) ഉണ്ട്. സംവരണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടാണ് റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ